## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

09.03.2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2189

# 'പഠനമുറി' സഹായപദ്ധതി നടപ്പിലാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2017-18 ൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പഠനമുറി സഹായ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | 30.12.17 ലെ സ.ഉ. (പി) നം. 13/2017/പജ പവ വിവ നം. ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പ് വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 1398 പേർക്ക് ഒന്നാംഗഡു തുക വിതരണം ചെയ്യുന്നതിനായി 4,19,40,000/- രൂപ അനുവദിച്ചിട്ടുണ്ട്<br>പദ്ധതി പ്രകാരം നിലവിലുള്ള 600 sq.feet വരെയുള്ള വീടിനൊപ്പം 120 sq.feet റൂം നിർമ്മിക്കുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനും പ്ലാസ്റ്ററിംഗ് നടത്തുന്നതിനും തറ ടൈൽ പാകുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഒരു ഭിത്തി അലമാര സ്ഥാപിക്കുന്നതിനുമായി ഒരു യൂണിറ്റിന് 2,00,000/- രൂപ ധനസഹായമായി നൽകുന്നു. ടി തുക നിശ്ചിത 4 ഗഡുക്കളായി (15%,30%, 40%,15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. |
| (ബി) | ഇതിനകം എത്ര പഠനമുറികൾ സ്ഥാപിക്കാൻ കഴിഞ്ഞുവെന്നും അതിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | | |
| (സി) | ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ, ഒന്നിൽ കൂടുതൽ ഹൈസ്കൂൾ വിദ്യാർത്ഥികൾ ഉള്ള വീടുകൾ എന്ന മുൻഗണനാ ക്രമത്തിലാണോ പഠനമുറിക്കുള്ള അർഹരെ തെരെഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>- താഴ്ന്ന വരുമാനക്കാർ<br>- 10-ാം ക്ലാസ്സിൽ പഠിക്കുന്നവർ<br>- ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ<br>- വിധവ/വിഭാര്യൻ ഉള്ള കുടുംബങ്ങളിലെ കുട്ടികൾ<br>- മാരകമായ രോഗം ബാധിച്ചവർ ഉള്ള കുടുംബ ങ്ങളിലെ കുട്ടികൾ<br>- കഴിഞ്ഞ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ<br>- പെൺകുട്ടികൾ മാത്രമുള്ള കുടുംബം<br>- ദുർബല വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | പഠനമുറി ലഭ്യമാക്കിയശേഷം കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായ മാറ്റം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കുമോ; | (ഡി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2017-18 വർഷം ആരംഭിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയിലൂടെ കുട്ടികളുടെ പഠന നിലവാരത്തിലുണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ